'കമ്മേലകുസുമ' ഗ്രന്ഥാവലി, നമ്പർ ൩.

# പ്രൊട്ടസ്റ്റന്റുമതവും

## വേദപുസ്തകവും.

(ഫാദർ തോമ്മസ് മണ്ണഞ്ചേരി എഴുതിയതു്.)

MANNANAM.

PRINTED AT THE ST. JOSEPH'S PRESS.

1921.

# Nihil obstat.

Fr. Alexander of St. Joseph C. D.,
Censor Deputatus,

# Imprimatur.

† Thomas Kurialachery,
Bishop & Vic. Ap. of
Changanacherry.

*Changanacherry.*
*13. 6. '21.*

---

ഒന്നേമുക്കാലണയ്ക്കു തപാൽസ്റ്റാമ്പോ, രണ്ടേമുക്കാൽ ചക്രത്തിനു അഞ്ചൽസ്റ്റാമ്പോ അയച്ചു ആവശ്യപ്പെടുന്നവൎക്കു ഓരോ പുസ്തകവും കൂലി തീൎത്തു അയച്ചുകൊടുക്കുന്നതാണു്. ഒരു പുസ്തകം മാത്രമായിട്ടു വി. പി. അയച്ചുകൊടുക്കുന്നതല്ല. ഒരു രൂപായ്ക്കു് ഒന്നിച്ചെടുക്കുന്നവൎക്കു ൧൰ പുസ്തകം.

ഒരു രൂപാ മുൻകൂറടയ്ക്കുന്നവൎക്കു ആ വിലയ്ക്കുള്ള പുസ്തകങ്ങൾ ഓരോ നമ്പരിൽനിന്നും ഓരോന്നുവീതം, പ്രസിദ്ധപ്പെടുത്തിയാലുടൻ അയച്ചുകൊടുക്കും. ആ വിധത്തിലുള്ള സഹായം നമ്മുടെ ഗ്രന്ഥാവലിക്കു പ്രത്യേകം അപേക്ഷിതമാണെന്നുള്ള വിവരം മാന്യജനങ്ങളെ സാദരം അറിയിച്ചുകൊള്ളുന്നു.

മാനേജർ, "കൎമ്മെലകുസുമം"
മാന്നാനം.

# മുഖവുര.

"വേദപുസ്തകമാണ് ഞങ്ങളുടെ മതത്തിന്റെ അടിസ്ഥാനം" "വേദപുസ്തകത്തിൽ കാണാത്തവയും വേദപുസ്തകത്താൽ തെളിയിക്കപ്പെടാത്തവയും ആയ യാതൊന്നും ഞങ്ങൾ വിശ്വസിക്കയില്ലാ" എന്നിങ്ങനെ ഘോഷിച്ചുകൊണ്ടിരിക്കുന്ന ഒരുവൎഗ്ഗം ക്രിസ്ത്യാനികളെപ്പററി കേട്ടിട്ടില്ലാത്തവർ ഉണ്ടെന്നു തോന്നുന്നില്ല. ഇവർ വേദപുസ്തകം തങ്ങൾക്ക് എവിടെനിന്നും കിട്ടിയെന്നും വേദപുസ്തകത്തെ ഈ സ്ഥിതിയിൽ തങ്ങൾ കണ്ടെത്തിയതു് ആരുടെ പക്കലാണെന്നും വിചാരിക്കാതിരിക്കുന്നതു് ശോചനീയം തന്നെ. കത്തോലിക്കാ സഭ എന്നൊരു സ്ഥാപനം ലോകത്തിലില്ലായിരുന്നുവെങ്കിൽ, ഇപ്പോഴത്തെ "ബൈബിൾ ക്രിസ്ത്യാനികൾക്ക്" വേദപുസ്തകം കാണുന്നതിന്നാകട്ടെ മററു ഗ്രന്ഥങ്ങളിൽനിന്നും അതിനെ തിരിച്ചറിയുന്നതിന്നാകട്ടെ സാധിക്കയില്ലായിരുന്നു. ക്രിസ്തീയമതം എന്നതു് വേദപുസ്തകം അല്ല; പ്രത്യുത, അതു് സജീവവും അപ്രമാദിതവും ആയ ഒരു സഭയാകുന്നു; ആ സഭയിൽനിന്നാണ് നമുക്ക് വേദപുസ്തകം ലഭിച്ചിട്ടുള്ളതു്; അപ്രമാദിത്വ വരമുള്ള ഒരു സഭയില്ലെങ്കിൽ വേദപുസ്തകംകൊണ്ട് യാതൊരു പ്രയോജനവും ഇല്ലാ; വേദപുസ്തകത്തിന്റെ വ്യാഖ്യാനം സഭയുടെ വ്യാഖ്യാനംതന്നെ ആയിരിക്കണം. ഈ സംഗതികളെല്ലാം ഈ ചെറുഗ്രന്ഥത്തിൽ ഞാൻ സമഷ്ടിയായി വിവരിച്ചിട്ടുണ്ട്.

അപ്രമാദിത്വ വരമുള്ള കത്തോലിക്കാ സഭ, ലോകത്തിലില്ലെങ്കിൽ, വേദപുസ്തകത്തെ ഓരോരുത്തരും സ്വാഭിപ്രായം അനുസരിച്ചു വ്യാഖ്യാനിക്കുന്നതിന്റെ ഫലമായി ഏതാനും ശതാബ്ദങ്ങളുടെ ശേഷം ക്രീസ്തുവിന്റെ ശരിയായിട്ടുള്ള ഉപദേശം ഏതെന്നും, യഥാൎത്ഥമായിട്ടുള്ള വേദപുസ്തകം തന്നെ ഏതാണെന്നും കണ്ടുപിടിക്കുന്നതിന്നു ആൎക്കും സാധിക്കുന്നതല്ലാ. സഭയുടെ അധികാരത്തെ അംഗീകരിക്കാതെ, "വേദപുസ്തകംമാത്രം" എന്നുള്ള പ്രൊട്ടസ്റ്റാണ്ടു മതോപദേശം എത്രയൊ വലിയ പ്രമാദങ്ങൾക്ക് ഹേതുവാക്കിത്തീൎത്തിരിക്കുന്നുവെന്ന്, പ്രൊട്ടസ്റ്റാണ്ടു മതത്തിന്റെ ഏതൽക്കാലപൎയ്യന്തമുള്ള ചരിത്രത്തെപ്പററി സാമാന്യ

ജ്ഞാനമുള്ളവൎക്കെല്ലാം ഏറെക്കുറെ ഗ്രഹിക്കാൻ കഴിയും. ക്രിസ്തീയ മതത്തിൻെറ അടിസ്ഥാനമായി നിൽക്കുന്നത് വേദപുസ്തകം മാത്രമാണെന്നുള്ള പ്രോട്ടസ്റ്റാണ്ടു മതസിദ്ധാന്തത്തിന്ന് വിലയൊ നിലയൊ ഇല്ലെന്നും, പ്രോട്ടസ്റ്റാണ്ടു മതംതന്നെ അടിസ്ഥാനരഹിതമായ ഒരു മതമാണെന്നും, ലോക പരിത്രാതാവായ ക്രീസ്തുവിനാൽ സ്ഥാപിതമായ ഏക സത്യമതം പ്രോട്ടസ്റ്റാണ്ടു മതമല്ലെന്നും, മത്സരബുദ്ധിയും വൈരാഗ്യവും കൂടാതെ, ഈ ചെറുഗ്രന്ഥത്തെ അവധാനപൂൎവ്വം വായിക്കുന്ന സഹൃദയന്മാൎക്കെല്ലാം ബോധപ്പെടുന്നതാണ്. ക്രീസ്തുവിൽ വിശ്വസിച്ചുകൊണ്ടുമാത്രം രക്ഷപ്രാപിക്കാമെന്നും താൻ വെളിപ്പെടുത്തിയിട്ടുള്ള സത്യങ്ങളെല്ലാം വിശ്വസിച്ചേ കഴിയൂ എന്നില്ലെന്നും, നമുക്ക് ഇഷ്ടമുള്ളവയെ വിശ്വസിക്കയും ഇഷ്ടമില്ലാത്തവയെ പരിത്യജിക്കയും ചെയ്യാമെന്നും വിചാരിക്കുന്നവരുടെ ഭോഷത്വത്തെപ്പററി പരിതപിക്കയല്ലാതെ എന്തു വേണ്ടു. ക്രീസ്തു മനുഷ്യൎക്ക് രക്ഷാമാൎഗ്ഗമായി ലോകത്തിൽ ഒരു സഭയെ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ, ആ സത്യസഭയെ അറിഞ്ഞ് അതിൻെറ അംഗങ്ങളായി തീരുന്നതിന്ന് നാമേവരും നിബന്ധിതരാകുന്നു. സൎവ്വശക്തനായ ദൈവം തൻെറ അനുഗ്രഹാധിക്യത്താൽ ഈ ചെറുഗ്രന്ഥത്തെ വായിക്കുന്നതിന്നിടയാകുന്നവൎക്കെല്ലാം, സത്യസഭ ഏതെന്ന് ഗ്രഹിക്കുന്നതിന്ന് വേണ്ടുന്ന ജ്ഞാനത്തെ പ്രദാനം ചെയ്യട്ടെ എന്നുള്ള ഹൃദയംഗമമായ പ്രാൎത്ഥനയോടുകൂടി ഇതിനെ പൊതുജനസമക്ഷത്തിലേക്ക് അവതരിപ്പിച്ചുകൊള്ളുന്നു.

| | |
|---|---|
| മുത്തോലി, | എന്ന് ഗ്രന്ഥകൎത്താ, |
| ൧൯൨൭ മെയ് ൨൭. | ഫാദർ തോമ്മസ് മണ്ണുഞ്ചേരി. |

# പ്രൊട്ടസ്റ്റൻറു മതവും

## വേദപുസ്തകവും.

---

### 1. "വേദപുസ്തകം മാത്രം."

൧൯൦൦-ാമാണ്ടിലെ മതവിവരണപ്പട്ടിക അനുസരിച്ചു് ഇംഗ്ലണ്ടിൽ പ്രൊട്ടസ്റ്റാണ്ടുകാരുടെ പരസ്പരവിരുദ്ധങ്ങളായ ൨൭൨ മതവിഭാഗങ്ങൾ ഉണ്ടായിരുന്നു. അമേരിക്കായിലെ ഐക്യരാജ്യങ്ങളിലും ഇതിൽ ഒട്ടും കുറവല്ലാത്തതായ ഒരു സംഖ്യ ഉണ്ടെന്നാണു് പറയപ്പെടുന്നതു്. തന്നിമിത്തം ഇംഗ്ലീഷ് ഭാഷ സംസാരിക്കപ്പെടുന്ന രാജ്യങ്ങളിൽ തന്നെ ക്രിസ്ത്യാനികൾ എന്ന നാമധേയത്തോടുകൂടി അനേകം ഭിന്നവകുപ്പുകാരെ നാം കാണുന്നുണ്ടു്. അതിനാൽ പ്രൊട്ടസ്റ്റാണ്ടുമതത്തെ കുഴപ്പങ്ങളുടെയും ഭിന്നതകളുടെയും ഒരു മതമെന്നു് നമുക്കു ന്യായമായി വിളിക്കാവുന്നതാണു്. ബാബേലിലെ കോട്ടയിലെന്നപോലെ അവിടെ പലവിധത്തിലുള്ള ഭാഷകൾ കേൾക്കാൻ കഴിയും. പരസ്പരവിരുദ്ധങ്ങളായ സഭകളെയെല്ലാം ഒന്നായി യോജിപ്പിക്കുവാൻ യാതൊരു മാൎഗ്ഗവും കാണുന്നില്ലാ. ഒരു നിയതമായ ക്രമത്തോടുകൂടി ഒന്നിച്ചുകൂടുന്നതിന്നു് അവരിൽ ആരും താല്പൎയ്യപ്പെടുന്നില്ലാ. ഓരോന്നും തങ്ങൾക്കു തന്നെ ഒരു നിയമമാകുന്നു. ഓരോ സഭയുടെയും വിശ്വാസവും ഉപദേശങ്ങളും എന്തെന്നു് വ്യക്തമായി നിൎദ്ദേശിക്കപ്പെടാതിരിക്കകൊണ്ടു് ഒന്നിനെ മറെറാന്നിൽനിന്നു് വേൎതിരിക്കാനും പാടില്ലാതെ വരുന്നു.

എന്നാൽ ക്രിസ്തീയ സഭകളുടെ കൂട്ടത്തിൽ ഇവയിൽനിന്നും ഏററം വ്യത്യസ്തമായ നിലയെ അവലംബിച്ചിരിക്കുന്ന ഒരു സഭയുണ്ടു്. ഈ സഭ മററു സഭകളെക്കാൾ ഏററം വലിയതാണെന്നുള്ളതും ഇതിന്നു് ലോകം മുഴുവനിലും പ്രചാരം സിദ്ധിച്ചിട്ടുണ്ടെന്നുള്ളതും ഇതിൻെറ യശസ്സിനെ വൎദ്ധിപ്പിക്കുന്ന സംഗതികളാണു്. അംഗങ്ങളുടെ സംഖ്യാധിക്യംകൊണ്ടു് ഇതു് ശ്രേ

ഷം ക്രിസ്തീയ വകുപ്പുകൾ ഓരോന്നിനേയും അതിശയിക്കുന്നുണ്ട്. എന്നു മാത്രമല്ലാ, ഇതര ക്രിസ്തീയ വകുപ്പുകളെ എല്ലാം ഒന്നായി ചേർക്കുന്നതായാലും, ഇതിന്നു് അവയെക്കാൾ ഏററം വലിയ സംഖ്യാബലം ഉണ്ടായിരിക്കും. റോമൻ കത്തോലിക്കാ സഭയെ ഒരു ഭാഗത്തും ശേഷം ക്രിസ്തീയ വകുപ്പുകളെയെല്ലാം വേറൊരു ഭാഗത്തും, ഇങ്ങനെ ലോകത്തിലുള്ള ക്രിസ്തീയ സഭകളെ നമുക്കു രണ്ടായി ഭാഗിക്കാം. അങ്ങനെ ചെയ്താൽ പരസ്പര വിരുദ്ധങ്ങളായ മറെറല്ലാ സഭകളിലും ഉള്ളതിനെക്കാൾ വളരെയധികം അംഗങ്ങൾ കത്തോലിക്കാ സഭയിലുണ്ടെന്നു നമുക്കു കാണാൻ കഴിയും. കത്തോലിക്കാ സഭയെ യാദൃശ്ചികമായി നിരീക്ഷണം ചെയ്യുന്ന ഒരാളിൻെറ ദൃഷ്ടിയിൽ ആദ്യമായി എത്തുപെടുന്ന പ്രധാന സംഗതി ഇതാകുന്നു.

എന്നാൽ ഇതിനെക്കാൾ പ്രധാനമായിട്ടുള്ളതും ഈ സഭകളെ പരസ്പരം വ്യത്യാസപ്പെടുത്തുന്നതുമായ വേറൊരു സംഗതി, വിശ്വാസ സത്യങ്ങളെ നിർണ്ണയിക്കുന്നതിൽ ഉപയോഗപ്പെടുത്തുന്ന നിയമങ്ങളാണ്. ഭിന്നവകുപ്പുകാരായ ക്രിസ്ത്യാനികളിൽ ഓരോരുത്തരും വിശ്വാസ സത്യങ്ങളെ സംബന്ധിച്ചിടത്തോളം എത്രതന്നെ വിരുദ്ധാഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതായാലും, പൊതുവായിട്ടുള്ള വിശ്വാസ നിയമത്തിൻെറ കാര്യത്തിൽ അവരെല്ലാവരും യോജിക്കുന്നുണ്ട്. വേദപുസ്തകത്തെ ഓരോരുത്തരും സ്വാഭിപ്രായപ്രകാരം വ്യാഖ്യാനിച്ചുംകൊണ്ട് വിശ്വാസ സത്യങ്ങളെ രൂപീകരിക്കണം എന്നുള്ള നിയമത്തെയാണ് അവർ തങ്ങളുടെ മതത്തിൻെറ അടിസ്ഥാനവും ആരംഭവുമായി പരിഗണിക്കുന്നതു്. അവർ എല്ലാവരും വേദപുസ്തകത്തെ ദൈവത്തിൻെറ അപ്രമാദിത വാക്യങ്ങളായി വിശ്വസിക്കുന്നു. ഇതല്ലാതെ തെററില്ലാത്തതും തെററുവാൻ പാടില്ലാത്തതും ആയ യാതൊരു അധികാരത്തേയും അവർ ലോകത്തിൽ അംഗീകരിക്കുന്നില്ലാ. "വേദപുസ്തകം രക്ഷയ്ക്കു് ആവശ്യമുള്ള സകല സംഗതികളും അടങ്ങിയിരിക്കുന്ന ദിവ്യ ഗ്രന്ഥമാകുന്നു. മനുഷ്യർക്ക് സത്യത്തിൻെറ വഴിയെ കാണിച്ചുകൊടുക്കുന്നതായി വേറൊരു മാർഗ്ഗദർശിയും ഉപാദ്ധ്യായനും ഇല്ലാ." പ്രോട്ടസ്റ്റാണ്ടു മതക്കാരെല്ലാം പരസ്പര വിരുദ്ധമായ കാര്യങ്ങളെ വിശ്വാസ വിഷയമായി സ്വീകരിച്ചിരിക്കുന്നുവെങ്കിലും, അവ എല്ലാററിന്നും ആധാരമായി അ

വർ ഗണിക്കുന്നതു് വേദപുസ്തകം മാത്രമാണു്. "വേദപുസ്തകത്തിൽ കാണാത്തവയും അതിനാൽ തെളിയിക്കപ്പെടാത്തവയും ആയ യാതൊന്നും നാം വിശ്വസിക്കേണ്ടതല്ല" എന്നു് ആംഗ്ലിക്കൻ സഭയുടെ സ്ഥാപന നിയമങ്ങളിൽ ആറാമത്തെ വകുപ്പിൽ പ്രസ്താവിക്കപ്പെടുന്നു.

ലോകം മുഴുവനും നിറഞ്ഞിരിക്കുന്ന കത്തോലിക്കാ സഭയിലേക്കു നോക്കുമ്പോൾ നാം ഏററവും വ്യത്യാസമുള്ള ഒരു നിയമത്തെ കണ്ടെത്തുന്നു. കത്തോലിക്കാ സഭ വേദപുസ്തകത്തെ ദൈവ വാക്യങ്ങളായിട്ടും ദൈവ വെളിപാടു് അടക്കിക്കൊള്ളുന്ന ദിവ്യഗ്രന്ഥങ്ങളായിട്ടും അംഗീകരിക്കുന്നുണ്ടു്. തങ്ങളുടെ വിശ്വാസത്തെ, വേദപുസ്തകത്തെമാത്രം അടിസ്ഥാനമാക്കിയിരിക്കുന്നുവെന്നു് ഘോഷിക്കുന്നവരെക്കാൾ, വേദപുസ്തകത്തിൻെറനേരെ അവർ കൂടുതൽ ബഹുമാനവും ആദരവും പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ദൈവ നിശ്വാസനത്താൽ എഴുതപ്പെട്ട ഈ വിശുദ്ധ ഗ്രന്ഥത്തെ തെററില്ലാകുന്നവരായ മനുഷ്യരുടെ കയ്യിൽ ദൈവം ഏല്പിച്ചുകൊടുത്തുവെന്നും, അവക്കു ഇതിൽനിന്നും തമ്മിൽ തമ്മിൽ യോജിക്കാത്തവയെന്നു മാത്രമല്ല പരസ്പര വിരുദ്ധങ്ങൾ കൂടെയും ആയ തത്വങ്ങളും ഉപദേശങ്ങളും നിർമ്മിക്കുന്നതിനു് സ്വാതന്ത്ര്യം കൊടുത്തുവെന്നും അവർ വിശ്വസിക്കുന്നില്ല. ജീവനുള്ളതും, തെററുവരാത്തതും ആയ ഒരു സഭയുടെ സൂക്ഷത്തിന്നായി ഈ ദിവ്യ ഗ്രന്ഥത്തെ ദൈവം ഏൾപ്പിച്ചുകൊടുത്തുവെന്നാണു് അവരുടെ വിശ്വാസം. അവയെ വ്യാഖ്യാനിക്കുന്നതിന്നും പഠിപ്പിക്കുന്നതിന്നും അധികാരമുള്ളതു് ഈ സഭക്കു മാത്രമാകുന്നു. ഇതിനാലത്രെ ഐക്യവും, സത്യവും ഇതിൽ നിലനിൽക്കുന്നതു്. എന്തെന്നാൽ സത്യം എവിടെ ഉണ്ടായിരിക്കുന്നുവോ അവിടെ ഐക്യവും ഉണ്ടായിരിക്കുന്നതാണു്.

വാസ്തവത്തിൽ ക്രിസ്ത്യാനിമതത്തിന്നു് രണ്ടു വിഭാഗങ്ങൾ മാത്രമേ ഉണ്ടായിരിക്കാൻ പാടുള്ളു. അവയിൽ ഒന്നു് സ്വയാഭിപ്രായത്തിന്മേലും മറെറാന്നു് അധികാരത്തിന്മേലും ആശ്രയിച്ചു നിൽക്കുന്നു. സ്വാഭിപ്രായത്തിന്മേൽ ആശ്രയിച്ചു നിൽക്കുന്ന മതം മനുഷ്യനെ അഹംകാരിയും കീഴ്വഴക്കമില്ലാത്തവനും ആക്കിത്തീക്കുന്നു. ഇതിനാലത്രെ അഹംകാരികളും മത്സരബുദ്ധികളും ആയ അനേകംപേർ ഈ മതം, (പ്രോട്ടസ്റ്റ

ണ്ടുമതം) സ്വീകരിച്ചിട്ടുള്ളത്. പ്രൊട്ടസ്റ്റൻറുമതം അതിൻെറ അംഗങ്ങളോരോരുത്തരേയും ഒരു ശിഷ്യനായിട്ടല്ല, പ്രത്യുത ഗുരുവായിട്ടും, അദ്ധ്യേതാവായിട്ടല്ല, പ്രത്യുത അദ്ധ്യാപകനായിട്ടുമാണ് ആക്കിത്തീക്കുന്നത്. തൽഫലമായി യഥാർത്ഥമായിട്ടുള്ള ഐക്യത്തെ ഈ മതം ദുഷ്കരമെന്നു മാത്രമല്ലാ അസാദ്ധ്യമാക്കിത്തീർത്തിരിക്കുന്നു. നാം ഹേതുവാദികളെപ്പോലെ അതിസ്വാഭാവിക മതത്തെ തീരെ നിഷേധിക്കാത്തപക്ഷം ഏതെങ്കിലും രണ്ടഭിപ്രായങ്ങളിൽ ഒന്ന് സ്വീകരിക്കേണ്ടതായി വരുന്നു. ഒന്നുകിൽ നാം വേദപുസ്തകത്തെമാത്രം തെററില്ലാത്തതും തെററുവാൻ പടില്ലാത്തതുമായ ഒരു ദീർഘദർശിയും ഉപാദ്ധ്യായനും ആയി സ്വീകരിക്കണം; അല്ലെങ്കിൽ ജീവനുള്ളതും പരിസ്ഫുടമായ ഭാഷയിൽ സംസാരിക്കുന്നതും ആയ കത്തോലിക്കാ സഭയുടെ ഉപദേശങ്ങൾക്കു അപ്രമാദിത്വം ഉണ്ടെന്നു നാം സംവദിക്കണം. തെററുവാൻ പാടില്ലാത്തതായ വേദപുസ്തകം മാത്രം പോരാതെ വരുന്നുണ്ടെങ്കിൽ അപ്രമാദിത്വവരം ഉള്ളതായ സഭയുടെ അധികാരത്തെ നാം അംഗീകരിക്കണം. 'വേദപുസ്തകം മാത്രം' എന്നുള്ള വാദത്തെ സ്വീകരിക്കാതിരിക്കുന്നതിനു നമുക്കു അനേകം ന്യായങ്ങളുണ്ട്. അവയിൽ ഏററം പ്രധാനമായിട്ടുള്ള ചിലതിനെ താഴെ ചേർത്തുകൊള്ളുന്നു:—

൧. ക്രിസ്തു ലോകത്തിൽ തൻെറ സഭയെ സ്ഥാപിക്കയിൽ വേദപുസ്തകത്തിൻെറ യാതൊരു ഭാഗവും എഴുതിയിട്ടില്ല. നാമോരോരുത്തരുടേയും മതം വേദപുസ്തകത്തെ സ്വയമായി വ്യാഖ്യാനിക്കുന്നതിൽ ആശ്രയിച്ചിരിക്കണമെന്ന് അവിടുന്നു നിർദ്ദേശിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ തൻെറ ജീവിതകാലം മുഴുവനും വേദപുസ്തകം എഴുതുന്നതിനായി വിനിയോഗിക്കുമായിരുന്നു. അവിടുന്നു സ്വർഗ്ഗാരോഹണം ചെയ്യുമ്പോൾ "ഇതാ വേദപുസ്തകത്തെ നിങ്ങൾക്കു ഞാൻ തരുന്നു. ഇതിൽ നോക്കി നിങ്ങളോരോരുത്തരും നിങ്ങളുടെ വിശ്വാസസത്യങ്ങളെ ഗ്രഹിച്ചുകൊൾവിൻ" എന്നു പറയുമായിരുന്നു. എന്നാൽ അവിടുന്ന് ഈവിധമൊന്നും ചെയ്യുകാണ്ടത്തിനാൽ 'വേദപുസ്തകത്തെ മാത്രം' വിശ്വാസനിയമമായി നിർദ്ദേശിച്ചിട്ടില്ലെന്ന് സയുക്തികമായി അനുമാനിക്കാവുന്നതാണ്.

൨. "നിങ്ങൾ പോയി സർവ്വജാതികളേയും പഠിപ്പിപ്പിൻ"

"സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ" എന്നു് ക്രിസ്തു തന്റെ ശിഷ്യന്മാരോടു പ്രമാണിച്ചതല്ലാതെ അവിടുത്തെ ഉപദേശത്തെ പുസ്തകരൂപേണ എഴുതി വിശ്വാസികളുടെ ഇടയിൽ വിതരണം ചെയ്യണമെന്നു് അവിടുന്നു ഒരിക്കലും ആവശ്യപ്പെട്ടിട്ടില്ല.

൩. അവിടുന്നു പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ഉപയോഗിച്ചിരുന്ന വാക്യങ്ങൾതന്നെയും ഈ വാദത്തെ സ്ഥിരീകരിക്കുന്നുണ്ടു്. ആരെങ്കിലും വേദപുസ്തകം വായിക്കുന്നില്ലെങ്കിൽ അവൻ ശിക്ഷായോഗ്യനായിത്തീരും എന്നല്ല പിന്നെയോ "സഭയെ കേൾക്കാത്തവൻ നിനക്കു് ഒരു അജ്ഞാനിയേയും ചുങ്കക്കാരനേയും പോലെ ആയിരിക്കട്ടെ" എന്നാണു അവിടുന്നു കല്പിക്കുന്നതു്. "വേദപുസ്തകത്തെ ഒരു മാർഗ്ഗദർശിയായി സ്വീകരിച്ചിരിക്കുന്നവൻ എന്നെ അനുഗമിക്കുന്നു" എന്നല്ല പിന്നയോ നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നുവെന്നാണു് അവിടുന്നു അരുളിച്ചെയ്തിട്ടുള്ളതു്. വിശ്വാസം (വായനകൊണ്ടല്ല) കേൾവികൊണ്ടാണു് ഉണ്ടാകുന്നതു് എന്നു വിശുദ്ധ പൌലോസു പറയുന്നു.

൪. ശ്ലീഹന്മാരിൽ ചുരുക്കംപേർ മാത്രമേ എന്തെങ്കിലും എഴുതിയിട്ടുള്ളു. ൧൨ ശ്ലീഹന്മാരിൽ മത്തായി, യോഹന്നാൻ, പത്രോസ്, യൂദാ, യാക്കോബ്, ഇങ്ങിനെ അഞ്ചുപേരൊഴികെ വേറെ ആരും വേദപുസ്തകത്തിന്റെ യാതൊരു ഭാഗവും എഴുതീട്ടില്ല. എഴുതീട്ടുള്ളവർതന്നെയും അവർ തടവിലായിരുന്നപ്പോഴൊ നിശ്ചിതസ്ഥലത്തു് എത്തുന്നതിന്നു് സാധിക്കാതിരുന്ന സന്ദർഭങ്ങളിലൊ, മററു വല്ല സാഹചര്യങ്ങളാലൊ മാത്രമാണു്, എഴുതുന്നതിന്നു് നിർബന്ധിതരായതു്. എഴുതീട്ടുള്ളവരിൽ ഭൂരിപക്ഷം പേരും സഭയുടെ പൊതുവായിട്ടുള്ള ആവശ്യത്തിന്നായിട്ടല്ലാ, എഴുതിയിരിക്കുന്നതു്; ചില പ്രത്യേക വിഭാഗങ്ങളെയൊ, ദേശീയ സഭകളെയൊ ഉദ്ദേശിച്ചും, ചിലപ്പോഴെല്ലാം ഓരോ ആളുകൾക്കായിട്ടു കൂടിയും ആണു്.

൫. വേദപുസ്തകത്തിന്റെ ഘടനാ സംപ്രദായത്തിൽ നിന്നും, വിശ്വാസ സത്യങ്ങളെ മുഴുവനായി അടക്കിക്കൊള്ളുന്ന ഒരു ഗ്രന്ഥമായി അതുദ്ദേശിക്കപ്പെട്ടിട്ടില്ലെന്നു് വ്യക്തമാകുന്നുണ്ടു് അതിൽ ക്രിസ്തുവിന്റെ ഉപദേശങ്ങളെ കാര്യകാരണ സംബ

ന്ധത്തോടും ക്രമാനുസരണമായും ചേർത്തുകാണുന്നില്ല. വേദപുസ്തകത്തിൽ അങ്ങുമിങ്ങുമായി ക്രീസ്തുമത തത്വങ്ങളിൽ പലതും അന്തർലീനമായിരിക്കുന്നുണ്ടെങ്കിലും, ഇതു് താത്വികമായിട്ടുള്ള രീതിയിലല്ല എഴുതപ്പെട്ടിരിക്കുന്നതെന്നു സൂക്ഷ്മദൃഷ്ട്യാ ആർക്കും ബോധപ്പെടുന്നതാണ്. ക്രീസ്തുമതതത്വങ്ങളും നിയമങ്ങളും എന്തെല്ലാമെന്ന് വേദപുസ്തകത്തിൽ വ്യവഹരിക്കപ്പെടുന്നില്ലാ. അപ്പസ്തോലന്മാരുടെ കാലത്തു ജീവിച്ചിരുന്ന ജനങ്ങളെ മാത്രം സംബന്ധിച്ചിരുന്ന കാര്യങ്ങളും എല്ലാക്കാലങ്ങളിലേയും ജനങ്ങളെ സംബന്ധിക്കുന്ന നിയമങ്ങളും തമ്മിൽ ശരിയായി വേർതിരിച്ചു് കാണുന്നില്ലാ. വേദപുസ്തകത്തെ വായിച്ചുകൊണ്ടു മാത്രം ക്രീസ്തുമത തത്വങ്ങളും നിയമങ്ങളും ഏതെല്ലാമെന്നു മനസ്സിലാക്കുന്നതിന്നു് എത്രതന്നെ പഠിപ്പും സാമർത്ഥ്യവും ഉള്ള ആളുകൾക്കുപോലും സാധിക്കയില്ല. നൂതനമായി ക്രിസ്തുമതം സ്വീകരിക്കുന്നതിന്നു വരുന്ന ഒരാളുടെ കയ്യിൽ നാം വേദപുസ്തകം എടുത്തു കൊടുത്തുകൊണ്ടു് "ഇതാ ക്രിസ്തുമത തത്വങ്ങൾ അടങ്ങിയ പുസ്തകം, ഈ പുസ്തകം വായിച്ചു് ക്രീസ്തുമതസിദ്ധാന്തങ്ങൾ ഏവയെന്നു് നിങ്ങൾ ഗ്രഹിച്ചുകൊൾക" എന്നു പറയുന്നുവെന്നു് വിചാരിക്കുക. "ഉൽപ്പത്തിയുടെ പുസ്തകം" മുതൽ വിശുദ്ധ യോഹന്നാൻെറ ശെലിയാനാ വരെയുള്ള വേദാഗമ ഗ്രന്ഥങ്ങളെല്ലാം വളരെ ശ്രമം ചെയ്തു് പലേ പ്രാവശ്യം വായിക്കുന്നതായാലും ക്രീസ്തുമത തത്വങ്ങൾ എന്തെല്ലാമെന്നു് ശരിയായി ഗ്രഹിക്കുന്നതിന്നു് അയാൾക്കു സാധിക്കയില്ലായെന്നു് ഖണ്ഡിതമായി പറയാവുന്നതാണ്.

൩. ക്രീസ്തുമതം സ്ഥാപിക്കപ്പെട്ടിട്ടു അനേക വർഷങ്ങൾ കഴിഞ്ഞശേഷം മാത്രമേ ബൈബിൾ മുഴുവനായി എഴുതപ്പെടുകയുണ്ടായൊള്ളു. വിശുദ്ധ യോഹന്നാൻെറ സുവിശേഷവും ലേഖനങ്ങളും വെളിപാടും മിശിഹായുടെ സ്വർഗ്ഗാരോഹണത്തിന്നു് അറുപതു കൊല്ലങ്ങൾക്കു ശേഷം മാത്രമാണ് എഴുതപ്പെട്ടിട്ടുള്ളതു്. വേദപുസ്തകത്തിൻെറ ഓരോ ഭാഗങ്ങളുംഎഴുതപ്പെട്ടു കഴിഞ്ഞതിന്നു ശേഷവും അവയെല്ലാം ഉടൻതന്നെ ഒന്നായി കൂട്ടിച്ചേർത്തിരുന്നില്ലാ. അവയിൽ ചിലതു് ചില സ്ഥലങ്ങളിലും ചിലതു് മററു സ്ഥലങ്ങളിലും മാത്രം സൂക്ഷിക്കപ്പെട്ടിരുന്നു. അനേകം ശതവർഷങ്ങൾ കഴിഞ്ഞതിന്നുശേഷം മാത്രമേ, ഈ ഗ്രന്ഥ

ങ്ങളെല്ലാം ഒന്നാകെ ചേൎത്ത് ഒരു പുസ്തകമാക്കിത്തീൎത്തൊള്ളു. തന്മൂലം ക്രിസ്ത്യാനിക്ക് അനേകം തലമുറകളിൽ വേദാഗമ ഗ്രന്ഥങ്ങളെ മുഴുവനായി കാണുന്നതിന്നൊ ശരിയായി വായിച്ചു കേൾക്കുന്നതിന്നൊ സാധിച്ചിരുന്നില്ലാ എന്നുള്ളത് അവിതൎക്കിതമായ കാൎയ്യമത്രെ.

൬. വേദാഗമ ഗ്രന്ഥങ്ങൾ ഒന്നാകെച്ചേൎത്തതിന്നു ശേഷവും ക്രിസ്ത്യാനികളിൽ ആയിരത്തിൽ ഒരാൾക്കുപോലും ഇവയെ ലഭിക്കുന്നതിന്ന് നിവൃത്തിയുണ്ടായിരുന്നില്ലാ. അക്കാലത്ത് അച്ചടിയന്ത്രം കണ്ടുപിടിക്കപ്പെട്ടിട്ടില്ലായിരുന്നു. കടലാസും ഉപയോഗിക്കപ്പെട്ടിരുന്നില്ലാ. ഓരോരുത്തൎക്കും വിശ്വാസ സത്യങ്ങളെ ഗ്രഹിക്കുന്നതിന്നായി വേദപുസ്തകം അത്യന്താപേക്ഷിതമായിരുന്നുവെങ്കിൽ, അതിനെ അക്ഷരംപ്രതി പകൎത്തിയെടുക്കയല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല. വേദപുസ്തകം മുഴുവൻ ഒരു സമൎത്ഥനായ എഴുത്തുകാരൻ പകൎത്തുന്നതായാൽ അതിലേയ്ക്ക് അഞ്ചുകൊല്ലം വേണ്ടിവരുമെന്നാണ് ഒരു മഹാൻ അഭിപ്രായപ്പെട്ടിരിക്കുന്നത്. മാത്രമല്ലാ, അക്കാലത്ത് കടലാസ്സില്ലാതിരുന്നതിനാൽ ഏതൽസ്ഥാനത്ത് മൃഗചൎമ്മങ്ങളാണ് ഉപയോഗിക്കേണ്ടിയിരുന്നത്. അതിനാൽ ആ വകയ്ക്ക് വളരെയധികം വിലയും ആവശ്യമായിവന്നു. ഏതാദൃശമായ ഒരു വേദപുസ്തകത്തെ വാങ്ങിക്കുന്നതിന്ന് ഒരു ധനവാനായ മനുഷ്യനെക്കൊണ്ടു മാത്രമെ സാധിക്കുമായിരുന്നൊള്ളു. ഏവംവിധങ്ങളായ കാരണങ്ങളാൽ "വേദപുസ്തകത്തെ സ്വയാഭിപ്രായപ്രകാരം വ്യാഖ്യാനിച്ചു"കൊണ്ട് ഓരോരുത്തരും വിശ്വാസസത്യങ്ങളെ രൂപീകരിക്കണം എന്നുള്ള നിയമം ൧൪൦൦ സംവത്സരക്കാലത്തേയ്ക്കെങ്കിലും പ്രവൃത്തിമാൎഗ്ഗത്തിൽ വരുത്തുവാൻ അസാദ്ധ്യമായിരുന്നുവെന്നുതന്നെ സമൎത്ഥിക്കാം. ഇത്ര ദീൎഘമായ കാലത്തേയ്ക്ക് അതിനെ പ്രവൃത്തിലോകത്തിൽ വരുത്തുവാൻ സാധിക്കാതിരുന്നതായ വിശ്വാസത്തെ മൂലപ്രമാണമായി സ്വീകരിച്ചിരിക്കുന്ന പ്രൊട്ടസ്റ്റാണ്ടുമതത്തെ ബുദ്ധിയും ആലോചനാശക്തിയും ഉള്ള സകല മനുഷ്യരും തിരസ്ക്കരിച്ചുകളയേണ്ടതാകുന്നു. ഒരു ആംഗ്ലേയ ചരിത്രകാരനായ ലെക്കി എന്ന മഹാൻ പറയുംപോലെ പ്രൊട്ടസ്റ്റാണ്ടുമതം വേദപുസ്തകത്തിന്റെ സൎവ്വസാധാരണമായ വിതരണംകൂടാതെ പ്രചരിപ്പിക്കുവാ

ൻ പാടുണ്ടായിരുന്നില്ലാ. വേദപുസ്തകത്തെ വിതരണം ചെയ്യുന്നതിലേക്ക് കടലാസിൻെറയും അച്ചടിയന്ത്രത്തിൻെറയും സഹായം അത്യന്താപേക്ഷിതമായിരുന്നു. ക്രിസ്തീയമതം ഉണ്ടായിട്ട്, ഒരു ശതാബ്ദകാലത്തോളം അജ്ഞാതമായിരുന്ന മനുഷ്യരുടെ കണ്ടുപിടിത്തങ്ങളെ അതിൻെറ ആസ്തിക്യത്തിന്നായിട്ടുതന്നെയും ആശ്രയിച്ചിരിക്കുന്ന ഒരു മതം, ക്രീസ്തുവിൻെറ യഥാൎത്ഥമായിട്ടുള്ള മതം അല്ലെന്ന് തീർച്ചപ്പെടുത്താവുന്നതാണ്.

൯. വേദപുസ്തകം ലഭിക്കുന്നതിന്നുള്ള വിഷമം മാത്രമല്ലാ ഉണ്ടായിരുന്നതു്. അവയെ വായിക്കുന്നതു് ഇതിനേക്കാൾ ശ്രമകരമായിരുന്നു. പ്രോട്ടസ്റ്റാണ്ടു ചരിത്രകാരനായ മക്കാളി ഇതേ സംബന്ധിച്ച് ഇപ്രകാരം പ്രസ്താവിക്കുന്നു. "അക്കാലത്തു് യൂറോപ്പിൽ അക്ഷരജ്ഞാനം വളരെ കുറവായിരുന്നു. പഠിപ്പും ജ്ഞാനവും ഉള്ളവരിൽ അധികം പേരും വൈദികരായിരുന്നു. അഞ്ഞൂറിൽ ഒരുവനു പോലും ഒരു സങ്കീൎത്തനം ശരിയായി വായിക്കാൻ അറിയാമായിരുന്നില്ല. പുസ്തകങ്ങൾ വളരെ ചുരുക്കവും വില വളരെ അധികവും ആയിരുന്നു." ഈ വിഷയത്തെ പരാമൎശിച്ച് ലാവൽസൎവ്വകലാശാലയിലെ ഒരു പ്രൊഫസർ ആയിരുന്ന ആബിബിഗിൽ എന്ന മഹാൻ താഴെ പ്രസ്താവിക്കുന്ന പ്രകാരം എഴുതിയിട്ടുണ്ട്. "അന്നത്തെ ജനസാമാന്യത്തിൽ പത്തിൽ ഒമ്പതുഭാഗത്തിന്നും വേദപുസ്തകം ശരിയായിവായിക്കുവാൻ അറിഞ്ഞുകൂടായിരുന്നു എന്നു പറയുന്നതിൽ ഒട്ടുംതന്നെ അതിശയോക്തി ഇല്ലാ. പ്രോട്ടസ്റ്റാണ്ടു മതതത്വപ്രകാരം ഈ നിർഭാഗ്യരായ മനുഷ്യൎക്കു യാതൊരു വിശ്വാസനിയമവും ഇല്ലായിരുന്നുവെന്നും അവർ രക്ഷയുടെ മാൎഗ്ഗത്തിൽ നിന്നും പുറമേ ആയിരുന്നുവെന്നും അനുമാനിക്കേണ്ടി വരുന്നു."

൧൦. ക്രീസ്തു തൻെറ ശിഷ്യന്മാരുടെ ഇടയിൽ വിശ്വാസം സംബന്ധിച്ച് ഐക്യം ഉണ്ടായിരിക്കണമെന്നു ആഗ്രഹിക്കയും അതിലേക്കായി പ്രാൎത്ഥിക്കയും ചെയ്തുവെന്നു വേദപുസ്തകത്തിൽനിന്നുതന്നെ തെളിയുന്നുണ്ടു്. എന്നാൽ "ബൈബിൾ മാത്രം" എന്നുള്ള വാദം അവസാനമില്ലാത്ത അനവധി ഭിന്നതകൾക്കും കുഴപ്പങ്ങൾക്കും ഹേതുവാക്കിത്തീൎത്തിട്ടുണ്ട്. ആംഗ്ലേയ ചരിത്രകാരനായ ലെക്കി ഇതിനെ സംബന്ധിച്ചു പ്രസ്താവിച്ചിട്ടുള്ള ഭാഗം പ്രത്യേകം ശ്രദ്ധേയമാണ്. "പരമാൎത്ഥഹൃദയന്മാരും സമ

ർത്ഥന്മാരുമായ ആളുകൾ വേദപുസ്തകത്തിൽ നിന്നും പരസ്പരവിരുദ്ധങ്ങളായ തത്വങ്ങളെ കണ്ടുപിടിച്ചിട്ടുണ്ടെന്നും കണ്ടുപിടിച്ചുകൊണ്ടിരിക്കുന്നുവെന്നും സ്പഷ്ടമായി തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു." പരമാർത്ഥഹൃദയന്മാരും സമർത്ഥന്മാരും ആയ ആളുകളുടെ കാര്യം ഇങ്ങനെയാണെങ്കിൽ ഈ ഗുണങ്ങൾ ഇല്ലാത്ത ആളുകളെപ്പററി എന്തു പറയേണ്ടു? ഏതാദൃശമായ ഒരു മതം നമ്മുടെ ദൃഷ്ടിയിൽ ത്യാജ്യമായിതന്നെ ഇരിക്കുന്നു.

## II. ഇതാണോ സാക്ഷാലുള്ള വേദപുസ്തകം?

പ്രോട്ടസ്റ്റാണ്ടുമതത്തിന്റെ വിശ്വാസനിയമത്തിന്നു വിരുദ്ധമായി മേൽ പ്രസ്താവിക്കപ്പെട്ട വാദമുഖങ്ങൾ ഈ മതത്തെ പാടെ ഖണ്ഡിക്കുന്നതിന്നു് പര്യാപ്തങ്ങളാണ്. ഇതിനേക്കാളും ബലമേറിയ ന്യായങ്ങൾ ഇനിയും ഉണ്ടു്. പ്രോട്ടസ്റ്റാണ്ടുമതത്തിന്നു് അത്യന്താപേക്ഷിതങ്ങളായ മൂന്നു മൂലപ്രമാണങ്ങൾ ഉണ്ടായിരിക്കുന്നു. എന്നാൽ അവ പ്രോട്ടസ്റ്റാണ്ടു് മതതത്വപ്രകാരം നിശ്ചയമായി തെളിയാതെയും തെളിയിക്കപ്പെടുവാൻ പാടില്ലാതെയും ഇരിക്കുന്നു. ഇതിനെ ദൃഷ്ടാന്തപൂർവ്വം ഒന്നുകൂടി സ്പഷ്ടമായി വിവരിക്കാം. ഒരു പ്രോട്ടസ്റ്റാണ്ടു മതക്കാരൻ ബൈബിൾ കയ്യിൽ എടുത്തുംകൊണ്ടു എന്റെ പക്കൽ വന്നു് ഇപ്രകാരം പറയുന്നു. "ഇതു് ദൈവവാക്യമാകുന്നു. ഇതു എന്റെ വിശ്വാസത്തിന്റെ അടിസ്ഥാനമാകുന്നു. അപ്രമാദിത്വവരമുള്ള ഒരു സഭ എന്നെ പഠിപ്പിക്കേണ്ട ആവശ്യമില്ലാ; ഞാൻ ആവശ്യപ്പെടുന്നതെല്ലാം ഈ പുസ്തകത്തിന്നകത്തുണ്ടായിരിക്കുന്നു; ഇതിനെ ഞങ്ങളുടെ ആസ്തിക്യത്തിന്റെ മൂലഹേതുവായി ഞങ്ങൾ പരിഗണിക്കുന്നു." നാം അയാളോടു പ്രത്യുത്തരമായി എന്താണു പറയുക? നമുക്കു അയാളോടു ഇപ്രകാരം ചോദിക്കാം. ൧. "നിങ്ങൾ സത്യമായിട്ടുള്ള വേദപുസ്തകം നിങ്ങളുടെ കൈവശം വച്ചുകൊണ്ടിരിക്കുന്നുവെന്നു് നിങ്ങൾക്കു നിശ്ചയമുണ്ടോ? ൨. വേദപുസ്തകം മുഴുവനും നിങ്ങളുടെ കൈവശം ഉണ്ടെന്നു എങ്ങിനെ അറിയുന്നു? ൩. വേദപുസ്തകമല്ലാതെ മറെറാന്നുമല്ല നിങ്ങളുടെ കൈവശം ഇരിക്കുന്നതെന്നു നിങ്ങൾ എന്തുകൊണ്ടു വിശ്വസിക്കുന്നു?

൧. വേദപുസ്തകത്തിന്റെ പ്രധാന ഭാഗമായ പുതിയ നിയമത്തെത്തന്നെ നമുക്കു പരിശോധിക്കാം. അതിന്റെ

ചരിത്രത്തെപ്പററി നമുക്ക പര്യാലോചിക്കാം. അതു് പലേ ആളുകളാലും പലേ സമയങ്ങളിലും പലേ സ്ഥലങ്ങളിലും പലേ സാഹചര്യങ്ങളിലും എഴുതപ്പെട്ടതാകുന്നു. പുതിയനിയമത്തിൽ അടങ്ങിയിരിക്കുന്ന സുവിശേഷങ്ങളും ലേഖനങ്ങളും എല്ലാം മററനേകം സുവിശേഷങ്ങളോടും ലേഖനങ്ങളോടും ഒരുമിച്ച സഭയുടെ നാനാഭാഗങ്ങളിലായി ചിതറിക്കിടന്നിരുന്നു. *

നാലാം നൂററാണ്ടോടുകൂടിയാണു കത്തോലിക്കാ സഭ ഈ ഗ്രന്ഥങ്ങളിൽ ഓരോന്നിനേയും പരിശോധിച്ചതിൻെറ ശേഷം "ഇതു വേദപുസ്തകമാകുന്നു" "അതു വേദപുസ്തകമല്ലാ" ഇതിനെ വേദപുസ്തകങ്ങളുടെ കൂട്ടത്തിൽ നാം അംഗീകരിക്കുന്നു. മററതിനെ നാം തള്ളിക്കളയുന്നു. എന്നിങ്ങനെ നിർണ്ണായകമായ വിധി പ്രസ്താവിച്ചതു്. ഉദാഹരണമായി വി. ബത്തളോമിയുടേതു എന്നു വിശ്വസിക്കപ്പെട്ടിരുന്ന ഒരു സുവിശേഷം ഉണ്ടായിരുന്നു. കത്തോലിക്കാ സഭ ഇതിനെ വേണ്ടുംവണ്ണം പരിശോധിച്ചതിൻെറ ശേഷം ഇതിൻെറ കത്താവു ഒരു അപ്പസ്തോലൻ ആണെന്നുള്ള വാദത്തെ അഗണ്യമാക്കിക്കൊണ്ടു് ഇതിനെ വിശുദ്ധ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽനിന്നും തിരസ്കരിച്ചുകളകയാണു ചെയ്തിട്ടുള്ളതു്. നേരെ മറിച്ചു് അപ്പസ്തോലൻ അല്ലാത്ത വിശുദ്ധ ലൂക്കായാൽ എഴുതപ്പെട്ട സുവിശേഷം എടുത്തു പരിശോധിച്ചതിൻെറ ശേഷം സഭ ഇപ്രകാരം വിധിപറഞ്ഞു. "ഇതിൻെറ കത്താവു ഒരു അപ്പസ്തോലൻ അല്ലെങ്കിലും ഇതിനെ നാം വിശുദ്ധ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ സ്വീകരിക്കുന്നു."

ഇപ്രകാരമാണു ഇപ്പോഴത്തെ ബൈബിൾ ഉണ്ടാകുന്നതിനിടയായിട്ടുള്ളതു്. ഇനി നമുക്ക പ്രോട്ടസ്റ്റൻറ് മതക്കാരോടു ഇ

---

* ഉദാഹരണമായി തോമ്മാ ശ്ലീഹായുടെ സുവിശേഷം, ബത്തളോമ്മിയുടെ സുവിശേഷം നിക്കോദേമ്മൂസിൻെറ സുവിശേഷം, വിശുദ്ധ ക്ലെമെൻറിൻെറ ലേഖനങ്ങൾ, വി. ബർനബായുടേയും ഹെർമാസിൻെറയും ലേഖനങ്ങൾ, വി. അന്ത്രയോസിൻെറ നടപടികൾ മുതലായി അനവധി സുവിശേഷങ്ങളും ലേഖനങ്ങളും ഉണ്ടായിരുന്നു. ഇവയെല്ലാം അവാസ്തവങ്ങളായി സഭ നിഷേധിച്ചുകളകയാണു ചെയ്തതു.

പ്രകാരം യുക്തിവാദം ചെയ്യാം. വിശുദ്ധ ലിഖിതങ്ങളെ തെരഞ്ഞെടുത്ത സഭക്ക ഒന്നകിൽ അപ്രമാദിത്വം ഉണ്ടായിരുന്നു; അല്ലെങ്കിൽ ഇല്ലായിരുന്നു. അവൾക്ക അപ്രമാദിത്വം ഉണ്ടെന്ന് നിങ്ങൾ സംവദിക്കുന്നുവെങ്കിൽ നിങ്ങൾ അവളെ കേൾക്കുന്നതിനും അനുസരിക്കുന്നതിനും കത്തോലിക്കാസഭയുടെ ഒരു അംഗമായിത്തീരുന്നതിനും കടപ്പെട്ടിരിക്കുന്നു. (അനേകം ക്രിസ്തീയ സഭകളുടെ കൂട്ടത്തിൽ അപ്രമാദിത്വം ഉണ്ടെന്നു വാദിക്കുന്നതു കത്തോലിക്കാ സഭമാത്രമാകുന്നു) അവൾക്ക അപ്രമാദിത്വം ഇല്ലെന്നു പറയുന്നുവെങ്കിൽ അവൾക്ക തെററിപ്പോയിരിക്കുവാൻ പാടുണ്ടെന്നു സംവദിക്കേണ്ടിവരുന്നു. അവൾക്ക തെററുവാൻ പാടുണ്ടെന്നുവരുന്ന പക്ഷം, വേദാഗമഗ്രന്ഥങ്ങളെ തെരഞ്ഞെടുത്തതിലും തെററിപ്പോയിരിക്കുവാനിടയുണ്ട്. തൻമൂലം യഥാത്ഥമായ വേദപുസ്തകമാണോ നിങ്ങൾ കൈവശംവെച്ചുകൊണ്ടിരിക്കുന്നതു എന്ന് നിങ്ങൾക്ക നിശ്ചയമായി പറയുവാൻകഴികയില്ല. നിങ്ങളുടെ കൈവശം ഇരിക്കുന്ന പുസ്തകത്തിൽ ചില ഭാഗങ്ങൾ വെറും മനുഷ്യനിമ്മിതങ്ങളായ കൃതികൾ ആയിരിക്കാവുന്നതാണ്. നേരെമറിച്ച് ദൈവനിശ്വാസനത്തോടുകൂടി എഴുതപ്പെട്ട വിശുദ്ധ ഗ്രന്ഥങ്ങളിൽ ചിലതു് നിങ്ങളുടെ പുസ്തകത്തിൽ ചേൎന്നിട്ടില്ലെന്നും വരാം. പ്രൊട്ടസ്റ്റാണ്ടുമതത്തിൻെറ ഓരോ വകുപ്പുകാക്കും ഓരോ വിധമുള്ള വേദപുസ്തകമുണ്ട്.

ലൂത്തർ വേദപുസ്തകത്തിൽ നിന്നും യോബ് സുഭാഷിതം, എബ്രായക്കുള്ള ലേഖനം, പത്രോസിൻെറ രണ്ടാമത്തെ ലേഖനം, യോഹന്നാൻെറ രണ്ടാമത്തെയും മൂന്നാമത്തേയും ലേഖനങ്ങൾ, യൂദായുടെ ലേഖനം, യാക്കോബിൻെറ ലേഖനം, യോഹന്നാൻെറ വെളിപാട്ട് ഇവയെല്ലാം തള്ളിക്കളഞ്ഞു. കാൽവിൻ, എസ്സേർ, തോബിയാസ്, ജൂഡിത്ത്, ബോധജ്ഞാനം, പ്രസംഗിയർ മുതലായ പുസ്തകങ്ങൾ ഉപേക്ഷിച്ചുകളഞ്ഞു. സ്പിനോസാ, പഞ്ചാഗഗ്രന്ഥങ്ങൾ, ന്യായാധിപർ, രാജാക്കൾ എന്നീ പുസ്തകങ്ങളുടെ പ്രാമാണ്യത്തെപ്പററി ബലമായി സംശയിക്കയുണ്ടായി. സ്ട്രാവുസ്, വി. മത്തായിയുടെ സുവിശേഷത്തേയും, ഗ്രീസ്ബാക്ക് വി. മക്കോസിൻെറ സുവിശേഷത്തെയും നിഷേധിക്കുന്നു. ഇവർ ഓരോരുത്തരുടേയും വാദപ്രതിവാദങ്ങ

ളെ കേൾക്കുന്നതിനും പരസ്പരവിരുദ്ധങ്ങളായ അഭിപ്രായങ്ങളെ പരിശോധിച്ച് ഒരു നിർണ്ണായകമായ വിധി പറയുന്നതിനും അപ്രമാദിത്വവരം ഉള്ള ഒരു ന്യായാസനം ഇല്ലെങ്കിൽ എങ്ങനെയാണ് വാസ്തവം വെളിപ്പെടുന്നത്. വേദപുസ്തകത്തെ സംബന്ധിച്ച ഇത്രവളരെ അഭിപ്രായ വൈപരീത്യങ്ങൾ ഉള്ള സ്ഥിതിക്ക്, തെററില്ലാത്തതും തെററുവാൻ പാടില്ലാത്തതും ആയ ഒരു സഭ ഇല്ലെങ്കിൽ യാതൊരുത്തനും തൻെറ കൈവശം വാസ്തവമായ വേദപുസ്തകം ഉണ്ടെന്നു അറിവാൻ പാടില്ല.

വ. രണ്ടാമത്തെ വാദം വേദാഗമ ഗ്രന്ഥങ്ങളുടെ ഈശ്വരപ്രേരിതത്വം (Divine inspiration) സംബന്ധിച്ചാകുന്നു. ഒരു പ്രോട്ടസ്റ്റണ്ടു മതക്കാരൻ തൻെറ കൈവശം സാക്ഷാലുള്ള വേദപുസ്തകം ഉണ്ടെന്നു വിചാരിക്കുന്നതായാലും ഈശ്വരപ്രേരണയാൽ എഴുതപ്പെട്ട ദൈവവാക്യങ്ങൾ മുഴുവൻ അതിൽ അടങ്ങിയിരിക്കുന്നുവെന്നും ഈശ്വരപ്രേരിതങ്ങളായ ദൈവവാക്യങ്ങളല്ലാതെ മറെറാന്നും അതിൽ അടങ്ങിയിരിക്കുന്നില്ലെന്നും എങ്ങനെ നിസ്സംശയമായി അറിയും? ഈശ്വരപ്രേരണ എന്നതു ചരിത്രത്താലോ, അന്തസ്ഥമായ ന്യായങ്ങളാലൊ തെളിയിക്കാവുന്ന കാര്യമല്ലാ. ഒരു ഗ്രന്ഥകാരനെ പരിശുദ്ധാത്മാവിതന്നെ പ്രേരിപ്പിക്കയും സഹായിക്കയും തെററുകൂടാതെ കാക്കയും ചെയ്തിട്ടുണ്ടൊ എന്ന് സഭയുടെ അധികാരത്തെ അംഗികരിക്കാത്തവർ നിശ്ചയമായി അറിവാൻ ,സാധിക്കുന്നതല്ല. ഈ സംഗതിയുടെ യാഥാർത്ഥ്യം സ്പഷ്ടമായും ദൃഷ്ടിഗോചരമായും തെളിയിക്കപ്പെടാവുന്നതല്ല. തന്നിമിത്തം ഇതിലേക്കായി നാം അംഗീകരിച്ചിരിക്കുന്ന അധികാരം തെററില്ലാത്തതും തെററുവാൻ പാടില്ലാത്തതും ആണെന്ന് വിശ്വസിക്കാത്ത പക്ഷം യാതൊരുത്തനും വേദപുസ്തകം ഈശ്വരപ്രേരിതമാണെന്നു നിർണ്ണയിക്കാൻ കഴിയുന്നതല്ല. കത്തോലിക്കാതിരുസഭയ്ക്കു പുറമേ ഇതുപോലെയുള്ള യാതൊരധികാരവും കണ്ടെത്തപ്പെടുന്നതല്ല. സർവ്വപ്രധാനവും പ്രോട്ടസ്റ്റാണ്ടുമതത്തിൻെറ ആസ്തിക്യത്തിന്ന് അത്യന്താപേക്ഷിതവും ആയി ഗണിക്കപ്പെടുന്ന ഈ വിഷയത്തിൽ പ്രോട്ടസ്റ്റണ്ടുമതക്കാർ ഓരോരുത്തരും പരസ്പര വിരുദ്ധാഭിപ്രായങ്ങളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

## III. പ്രോട്ടസ്റ്റണ്ടുകാരും വേദപുസ്തക വ്യാഖ്യാനവും

൩. മൂന്നാമതായിട്ടുള്ള ഒരു വൈഷമ്യം ആണ് ഇവയൊക്കെക്കാൾ പ്രധാനമായിട്ടു നിൽക്കുന്നതു്. ഇതു വേദപുസ്തകത്തെ വ്യാഖ്യാനിക്കുന്ന കാര്യം തന്നെയാണ്. വേദപുസ്തകം എത്ര തന്നെ വിശുദ്ധമായിട്ടുള്ള ഒരു ഗ്രന്ഥമായിരുന്നാലും, അതു എത്രതന്നെ നിശ്ചയമായിട്ടുള്ള ദൈവവാക്യമായിരുന്നാലുംഅതിന്റെ യഥാർത്ഥമായിട്ടുള്ള അർത്ഥത്തിനു വിപരീതമായിട്ടുള്ള തത്വങ്ങളുംപ്രമാണങ്ങളും അതിൽ നിന്നും സംഗ്രഹിക്കുന്നതു് നിഷ്പ്രയോജനമെന്നു മാത്രമല്ലാ ഉപദ്രവഹേതുവും കൂടി ആയിരിക്കുന്നതാണ്. പ്രത്യേക ദൈവസഹായവും അപ്രമാദിത്വവരവും ഉള്ള വ്യാഖ്യാതാവു ഇല്ലെങ്കിൽ, വേദപുസ്തകത്തിന്റെ അർത്ഥവും ആശയങ്ങളും പലരും തെററിധരിക്കാനിടയുള്ളതാണ്. ബൈബിൾ മനസ്സിലാക്കുന്നതിനു യാതൊരു പ്രയാസവും ഇല്ലെന്നും അതിന്റെ അർത്ഥം അത്ര പഠിപ്പും വിദ്യാഭ്യാസവും ഇല്ലാത്തവർക്കുപോലും ഗ്രഹിക്കുവാൻ കഴിയുമെന്നും വല്ലവരും പറഞ്ഞേക്കാം. ഇതിനെക്കാൾ വാസ്തവവിരുദ്ധമായി മറെറാന്നും ഇല്ല. ഇതു് വേദപുസ്തകത്തിൽനിന്നുതന്നെ തെളിയിക്കാൻ കഴിയും. എത്തിയോപ്യായിലെ രാജ്ഞിയുടെ ഷണ്ഡൻ തന്റെ സ്വന്തഗൃഹത്തിലേക്കു യാത്രചെയ്തുകൊണ്ടിരിക്കവേ ഏശയ്യാ നിവ്യായുടെ ദീർഘദർശനങ്ങൾ വായിച്ചുകൊണ്ടിരുന്നു. താൻ വായിച്ചിരുന്ന ഭാഗങ്ങളുടെ അർത്ഥം എന്തെന്നു് വല്ലവരും പഠിപ്പിച്ചെങ്കിൽമാത്രമേ ഗ്രഹിക്കുവാൻ സാധിക്കയുള്ളുവെന്നു് അയാൾ വി. പീലിപ്പോസിനോടു സമ്മതിച്ചുപറഞ്ഞു. ഏതാനും ദീർഘദർശനങ്ങൾ വായിച്ചതിന്റെ ശേഷം അയാൾ വി. പീലീപ്പോസിന്റെ നേരെ തിരിഞ്ഞു ഈ പ്രകാരം പറയുന്നു. 'ദീർഘദർശി തന്നെക്കുറിച്ചോ വേറെ വല്ലവരേക്കുറിച്ചോ ഈ ഭാഗം എഴുതിയിട്ടുള്ളതെന്നു എന്നോടു ദയവായി പറയണമേ' (നടപടി ൮. ൨൦. ൩൪) പ്രസ്തുത വാക്യങ്ങൾ ആരെ ഉദ്ദേശിച്ചു് എഴുതപ്പെട്ടവയാണെന്നു് ഗ്രഹിക്കാൻ ആ ഷണ്ഡനു സാധിച്ചില്ല. വിശുദ്ധ ലൂക്കായുടെ സുവിശേഷം ൨൪-ാം അദ്ധ്യായത്തിൽ വേദവാക്യങ്ങളുടെ അർത്ഥം ശരിയായി വ്യാഖ്യാനിക്കുന്നതു് എത്രയോ ശ്രമകരമാണെന്നുള്ളതിനു വേറൊരു ദൃഷ്ടാന്തം ഉണ്ടായിരിക്കുന്നു. ശിഷ്യന്മാർ എമ്മാവുസിലേക്കു പോ

കുന്ന വഴിക്ക് ദിവ്യരക്ഷകൻ അവൎക്കു പ്രത്യക്ഷനാകയിൽ മോശയും ശേഷം ദീർഘദശികളും തന്നെക്കുറിച്ചു പ്രവചിച്ചിരുന്ന ഭാഗങ്ങൾ അവൎക്കു വ്യാഖ്യാനിച്ചുകൊടുക്കുന്നതിനു നിർബന്ധിതനായിത്തീൎന്നു. വിശുദ്ധ പത്രോസ് പരിശുദ്ധാത്മാവിയാൽ നിവേശിതനായി ഇപ്രകാരം അരുളിച്ചെയ്യുന്നു. "വിശുദ്ധ ലിഖിതങ്ങളിൽ (വി. പൌലോസിൻെറ ലേഖനങ്ങളിൽ) ദുർഗ്രഹങ്ങളായ ചില ഭാഗങ്ങൾ ഉണ്ടായിരിക്കുന്നു. അവയെ അറിവില്ലാത്തവരും അസ്ഥിരബുദ്ധികളും ആയവർ ശേഷം വിശുദ്ധ ലിഖിതങ്ങളെ എന്നപോലെ തങ്ങളുടെ നാശത്തിന്നായിട്ടു ദുർവ്യാഖ്യാനം ചെയ്തുവരുന്നു." ഈ വാദത്തിൻെറ വാസ്തവം നമ്മുടെ ഭൂതകാലത്തിലേയും വൎത്തമാനകാലത്തിലേയും അനുഭവംകൊണ്ടുതന്നെ ധാരാളം വ്യക്തമാകുന്നുണ്ട്. ഒരാൾ ദൈവവാക്യങ്ങളെ ഒരുവിധത്തിലും മററൊരാൾ മററൊരുവിധത്തിലും വ്യാഖ്യാനിക്കുന്നു. തൻമൂലം അപ്രമാദിതാവരമുള്ള ഈ ഏക ഉല്പത്തിയിൽ നിന്നും പരസ്പരവിരുദ്ധങ്ങളായ തത്വങ്ങളെ കണ്ടുപിടിക്കുന്നു. നൊവേഷ്യൻെറ അനുഗാമികൾ ഒരു അഭിപ്രായവും സാബെല്ലിയൻെറ അനുഗാമികൾ വേറൊരഭിപ്രായവും സ്വീകരിക്കുന്നു. ഡൊനാത്തിസ്റ്റുകളും ആറിയൂസ്മതക്കാരും നെസ്തോറീസ്മതക്കാരും പരസ്പരവിരുദ്ധങ്ങളായ തത്വങ്ങളാണ് ഉപദേശിച്ചിരുന്നത്. വേദപുസ്തകങ്ങളെ ശരിയായി മനസ്സിലാക്കാത്തുകൊണ്ടാണ് പതിതമതങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്നു വിശുദ്ധനായ ആഗസ്റ്റിനോസ് ൫-ാം നൂററാണ്ടിൽ പ്രസ്താവിക്കയുണ്ടായി. വേദവാക്യങ്ങളെ ഓരോരുത്തരും ശരിയായ അൎത്ഥത്തിൽ ഗ്രഹിക്കാതെ അവയെ സ്വാഭിപ്രായപ്രകാരം വ്യാഖ്യാനിച്ചതിൻെറ ഫലമായിട്ടാണ് ക്രിസ്ത്യാനികളുടെ ഇടയിൽ പരസ്പരവിരുദ്ധങ്ങളായ ഇത്രവളരെ വിഭാഗങ്ങൾ ഉണ്ടാകുന്നതിനിടയായിട്ടുള്ളത് എന്ന് ബട്ട്ളർ എന്ന മഹാൻ പറയുന്നു. വേദവാക്യങ്ങളെ പലരും തനതഭിപ്രായപ്രകാരം വ്യാഖ്യാനിച്ചുകൊണ്ട് അവയ്ക്കു വാസ്തവത്തിൽ ഇല്ലാത്ത അൎത്ഥങ്ങൾ ഉണ്ടെന്നു സങ്കല്പിക്കയും അനേകം വാക്യങ്ങളെ പൂൎവ്വസ്ഥിതിയിൽ നിന്നും ഭേദപ്പെടുത്തി അംഗവൈകല്യം വരുത്തുകയും ചെയ്തിരിക്കുന്നുവെന്നു എറാസ്മൂസ് പ്രസ്താവിച്ചിരിക്കുന്നു.

ഈ വാദത്തിന്നെതിരായി പ്രോട്ടസ്റ്റാണ്ടുകാർ ഇപ്രകാരം

സമാധാനം പറയുന്നു. ലൌകികന്മാരും ഭക്തിഹീനന്മാരും ആയ ആളുകൾ വേദവാക്യങ്ങളുടെ അൎത്ഥം ശരിയായി മനസ്സിലാക്കുന്നില്ലെന്നു വരാം. എന്നാൽ ഒരു ഭക്തനായ ക്രിസ്ത്യാനി വേദപുസ്തകത്തെ ബഹുമാനപൂൎവ്വം കയ്യിൽ എടുത്തു ദൈവസാന്നിദ്ധ്യത്തെപ്പററി ഓൎക്കയും പരിശുദ്ധാത്മാവിന്റെ വെളിവിന്നും സഹായത്തിന്നും ആയി അപേക്ഷിക്കയും ചെയ്യുമ്പോൾ അവൻ വേദവാക്യങ്ങളുടെ ശരിയായ അൎത്ഥം ഗ്രഹിക്കുമെന്നുള്ളതിനു സന്ദേഹമില്ല. ഈ വാദത്തിൻെറ സാംഗത്യത്തെ ഗ്രഹിക്കുന്നതിന്നായി കാലംചെയ്ത മൂന്നു പ്രൊട്ടസ്റ്റണ്ടു മഹാന്മാരുടെ മതവിശ്വാസത്തെപ്പററി പരിശോധിക്കാം. ഡാക്ടർ കിംഗ്, ഡാക്ടർ റൈൽ, ഡാക്ടർ മർട്ടീനൊ എന്നി മൂന്നു മഹാന്മാർ പ്രൊട്ടസ്റ്റണ്ടു മതത്തിൽ ഏററമുയൎന്ന സ്ഥാനത്തെ പ്രാപിച്ചിരുന്നവരാണ്. ഇവരിൽ ആദ്യത്തെ ആൾ ലിൻകണിലെ ബിഷോപ്പും രണ്ടാമത്തെയാൾ ലിവർപൂളിലെ ബിഷോപ്പും മൂന്നാമത്തെയാൾ യൂനിട്ടേറിയൻ സഭയുടെ തലവനും ആയിരുന്നു. ഇവർ ഓരോരുത്തരും ബൈബിൽ ദൈവവാക്യങ്ങളടങ്ങിയ ഒരു വിശുദ്ധ ഗ്രന്ഥമായി വിശ്വസിച്ചിരുന്നു. ഓരോരുത്തരും വേണ്ടത്തക്ക ഒരുക്കത്തോടും യോഗ്യതയോടുംകൂടി ബൈബിൽ വായിച്ചിരുന്നു. ബൈബിൽ വായിക്കുന്നതിനുമുമ്പായി ഇവർ പരിശുദ്ധാത്മാവിന്റെസഹായവും വെളിവും വരപ്രസാദവും അപേക്ഷിച്ചിരുന്നു. എന്നാൽ ഓരോരുത്തരും അന്യോന്യം യോജിക്കാത്തവയും പരസ്പരവിരുദ്ധങ്ങളും ആയ തത്വങ്ങളാണ് വേദപുസ്തകത്തിൽനിന്നും സംഗ്രഹിച്ചിട്ടുള്ളത്. ഡാക്ടർ കിംഗ് വേദപുസ്തകത്തിൽ നിന്നും പട്ടക്കാർ കുമ്പസാരം കേൾക്കേണ്ടതാവശ്യമാണെന്നും, അവൎക്കു പാപമോചനം ചെയ്വാൻ അധികാരമുണ്ടെന്നും, ക്രീസ്തു വിശുദ്ധ കുമ്പസാരത്തിൽ യഥാൎത്ഥമായി സന്നിഹിതനായിരിക്കുന്നുവെന്നും തെളിയിക്കയുണ്ടായി. ഡോക്ടർ റൈലിന്ന് ഈ വകയൊന്നും വേദപുസ്തകത്തിൽനിന്നും കണ്ടുപിടിക്കാൻ സാധിച്ചില്ലാ. വിശുദ്ധ കുമ്പസാരത്തിൽ ക്രീസ്തു സന്നിഹിതനായിരിക്കുന്നുവെന്നതിന്ന് അദ്ദേഹം യാതൊരു ന്യായവും കണ്ടില്ലാ. "ഇതു് എൻെറ ശരീരമാകുന്നു"വെന്നുള്ള ദിവ്യരക്ഷകൻെറ വാക്യത്തെ ഡോക്ടർ കിംഗ് ഒരു വിധത്തിലും ഡോക്ടർ റൈൽ വേറൊരു വിധത്തിലും വ്യാഖ്യാനിക്കയുണ്ടായി. എങ്കിലും രണ്ടുപേരും വേദപുസ്തകത്തിൽനിന്നും ക്രീസ്തുവിൻെറ ദി

വ്യതചത്തെ ഗ്രഹിച്ചിരുന്നു. എന്നാൽ ആംഗ്ലിക്കൻ സഭയിലെ ബിഷോപ്പന്മാരെപ്പോലെ തന്നെ സമൎത്ഥനും പരമാൎത്ഥിയും ആയ ഒരു യൂനിട്ടേറിയൻ സഭാദ്ധ്യക്ഷനായ ഡോക്ടർ മൎട്ടീനൊ, വേദപുസ്തകത്തിൽനിന്നുതന്നെ ക്രീസ്തു ദൈവമല്ലെന്നുള്ളതിന്നു് അനേകം ന്യായങ്ങൾ കണ്ടുപിടിക്കയുണ്ടായി. അയാൾ പ്രാൎത്ഥിക്കയും ബൈബിൾ വായിക്കയും പഠിക്കയും ചെയ്യുതിന്റെ ശേഷം ക്രിസ്തു ദൈവമല്ലാ നമ്മേപ്പോലെ ഒരു വെറും മനുഷ്യനാണെന്നുള്ള അനുമാനത്തെ സ്ഥിരീകരിക്കയാണു് ചെയ്യിട്ടുള്ളതു്. ക്രീസ്തുവിനെപ്പററി വേദപുസ്തകത്തിൽ ദൈവമെന്നും ദൈവപുത്രൻ എന്നും പ്രസ്താവിച്ചിട്ടുണ്ടല്ലൊ എന്നു് നിങ്ങൾ വാദിച്ചേക്കാം. അതിന്നു് അയാൾ പറയുന്ന മറുപടി ഇതാണു്. "എന്നാൽ ഈദൃശങ്ങളായ വാക്കുകൾ ഒരു സാധാരണ മനുഷ്യനെക്കുറിച്ച് പറഞ്ഞുകൂടെയൊ? സങ്കീൎത്തനക്കാരൻ നിങ്ങൾ ദേവന്മാരാകുന്നുവെന്നും അത്യുന്നതന്റെ പുത്രന്മാരാകുന്നുവെന്നും പറയുന്നില്ലയൊ?" "ഞാനും പിതാവും ഒന്നായിരിക്കുന്നു" എന്നുള്ള ക്രീസ്തുവിന്റെ വാക്യത്തിൽ നിന്നും അങ്ങേ ദിവ്യതചത്തെ തെളിയിക്കാമെന്നു് നിങ്ങൾ വിചാരിക്കുന്നപക്ഷം, ആ വാദത്തേയും അയാൾ ഇപ്രകാരം ഖണ്ഡിക്കുന്നതാണു്" അതു് മനുഷ്യരുടെ ഇടയിലുള്ളതുപോലെ ഹൃദയങ്ങൾ തമ്മിലുള്ള ഒരു ഐക്യത്തെയാണു് സൂചിപ്പിക്കുന്നതു്. "പിതാവേ! ഞാനും നീയും ഏകമായിരിക്കുന്നതുപോലെ, അവരും ഏകമായിരിക്കുന്നതിന്നു് കൃപചെയ്യണമെ" എന്നു് ക്രീസ്തു പ്രാൎത്ഥിച്ചിട്ടുള്ളതുതന്നെ തന്റെ വാദത്തെ ബലമായി താങ്ങുന്ന ഒരു ന്യായമാണെന്നു് അയാൾ പറഞ്ഞിരുന്നു.

വേദപുസ്തകത്തെ ഓരോരുത്തരും സചയമായി വ്യാഖ്യാനിച്ചുകൊണ്ട് വിശചാസ സത്യങ്ങളെ രൂപീകരിക്കുന്നതിന്റെ ഫലം ഇതുതന്നെയാണു്. ഇവിടെ മൂന്നു പൂജ്യന്മാരും വിദചാന്മാരും, ഉന്നതസ്ഥാനവാഹികളും പ്രസിദ്ധന്മാരും ആയ ആളുകൾ ഒരേ വേദവാക്യങ്ങളിൽനിന്നുതന്നെ പരസ്പര വിരുദ്ധങ്ങളായ തതചങ്ങളെ കണ്ടുപിടിച്ചിരിക്കുന്നു. ഇവരെല്ലാവരും പരിശുദ്ധാരൂപിയാൽ നയിക്കപ്പെട്ടിരുന്നുവെന്നു് സംവദിക്കാമോ? നിത്യവും നിൎവ്വികാരവും അസ്പൃഷ്ടവും ആയിട്ടുള്ള സത്യം, ഒരാളുടെ ചെവിയിൽ 'ഇല്ലാ' എന്നും മറെറാരാളുടെ ചെവിയിൽ 'ഉണ്ട്'

എന്നും പറയുമൊ? ഒരു വസ്തു ഒരേസമയത്തുതന്നെ കറുത്തതും വെളുത്തതും ആണെന്നും, ഒരു കാൎയ്യം സത്യവും അസത്യവും ആണെന്നും അവിടുത്തേയ്ക്കു് എങ്ങിനെ പറയുവാൻ കഴിയും? പരിശുദ്ധാത്മാവ് ഓരോരുത്തൎക്കും ഇപ്രകാരം വെളിപ്പെടുത്തി എന്നു പറയുന്നതു് ദൈവദൂഷണമായിരിക്കുകയെ ഉള്ളു. എന്നാൽ സമൎത്ഥന്മാരും യോഗ്യന്മാരും വിദ്വാന്മാരും ആയ മൂന്നാളുകൾക്കുപകരം, വിദ്യാവിഹീനന്മാരും സാധുക്കളും, ധനവാന്മാരും ദരിദ്രന്മാരും, എന്നു വേണ്ടാ, ക്രിസ്തീയ ജനസാമാന്യം മുഴുവനും വേദപുസ്തകത്തെ എടുത്തു വ്യാഖ്യാനിക്കുന്നതിന്നു തുടങ്ങുകയാണെങ്കിൽ അതിൻെറ ഫലം എത്ര ഭയങ്കരവും വിനാശകാരണവും ആയിരിക്കുമെന്നു് പറഞ്ഞറിയിക്കുന്നതിനെക്കാൾ ഊഹിച്ചുകൊള്ളുകയാണു് നല്ലതു്.

## IV. ഉപസംഹാരം.

ഇനി ഈ ഉപന്യാസത്തെ ഇവിടെ അവസാനിപ്പിക്കാം. ക്രീസ്തു ലോകത്തിൽ വന്നതു് സത്യത്തെ പഠിപ്പിക്കാനായിട്ടാണെന്നു് നാം വിശ്വസിക്കുന്നു. പീലാത്തോസിൻെറ ന്യായാസനത്തിങ്കൽവെച്ചു് താൻ ഈ സത്യത്തെ ഉറപ്പിച്ചു പറകയുണ്ടായി. "ഞാൻ സത്യത്തിന്നു സാക്ഷിയായി നിൽക്കുന്നതിന്നായിട്ടു ജനിക്കയും ലോകത്തിലേക്കു വരികയും ചെയ്തു". (യോഹ. ൧൮. ൩൭) വിശുദ്ധ പൌലോസിനോടുകൂടി "സഭ സത്യത്തിൻെറ തൂണും അടിസ്ഥാനവും ആണെന്നു് നാം വിശ്വസിക്കുന്നു." "പരിശുദ്ധാത്മാവ് എല്ലായ്പ്പോഴും എല്ലാ സത്യങ്ങളെയും പഠിപ്പിക്കുന്നതിന്നായി അതിനോടുകൂടെ വസിക്കുന്നുവെന്നും നരകവാതിലുകൾ അതിന്നെതിരായി പ്രബലപ്പെടുകയില്ലെന്നും നാം വിശ്വസിക്കുന്നു." ഒരേ വിഷയത്തിൽ സത്യം ഒന്നായിരിക്കുന്നുവെന്നും ഒന്നിലധികം സത്യങ്ങൾ ഉണ്ടാകാൻ പാടില്ലെന്നും സത്യം ഐക്യത്തിൻെറ ആരംഭവും അടിസ്ഥാനവും ആണെന്നും നാം വിശ്വസിക്കുന്നു. രണ്ടു സഭകൾ പരസ്പര വിരുദ്ധങ്ങളായ തത്വങ്ങളെ ഉപദേശിക്കുന്നുവെങ്കിൽ അവ രണ്ടും വാസ്തവമല്ലെന്നു വരാം. അവ രണ്ടും ഒരേസമയത്തു് സത്യമായിരിക്കാൻ പാടില്ലെന്നുള്ളതു് സ്വയം സ്പഷ്ടമായകാൎയ്യമത്രെ. എന്നാൽ രണ്ടു സഭകൾക്കു പകരം അഞ്ഞൂറൊ അറുനൂറോ സഭകൾ ക്രി

സ്തുവിന്റെ യഥാൎത്ഥ സഭകളാണെന്നു പറഞ്ഞു വാദിക്കുമ്പോൾ ഇതിന്റെ യുക്തിഹീനത്വം എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്.

ഒരു സഭ മാത്രമേയുള്ളുവെന്നുള്ളതു് സത്യത്തിന്റെ അന്തൎഗ്ഗതമായ സ്വഭാവത്തിൽനിന്നു മാത്രമല്ലാ, ക്രീസ്തുമതസ്ഥാപകന്റെ പ്രസ്പഷ്ടമായിട്ടുള്ള വാക്കുകളിൽനിന്നുതന്നെ വിശദമാകുന്നുണ്ടു്. ഉദാഹരണമായി, "ഒരു ഇടയനും ഒരു ആട്ടിൻകൂട്ടവും മാത്രമുണ്ടായിരിക്കും." (യോഹ. ൧൦. ൧൬.) "നിങ്ങളെല്ലാവരും ഒരേ ശരണത്തിന്നായി വിളിക്കപ്പെട്ടിരിക്കുന്നതുപോലെ, നിങ്ങൾ ഒരേ ശരീരവും ഒരേ ആത്മാവും ആയിരിപ്പിൻ" "നിങ്ങളെല്ലാവൎക്കും ഒരു കൎത്താവും, ഒരു വിശ്വാസവും ഒരു മാമ്മോദീസായും ഉണ്ടായിരിക്കുന്നു." (എഫെസിയർ ൪- ൪. ൫.) "നിങ്ങൾ ക്രീസ്തുവിന്റെ ശരീരവും ഓരോരുത്തരുടെയും അംഗങ്ങളും ആകുന്നു." എന്നിത്യാദി വാക്യങ്ങൾ സഭ ഒന്നുമാത്രമെ ഉള്ളുവെന്നു തെളിയിക്കുന്നു. കൂടാതെയും നമ്മുടെ ദിവ്യരക്ഷകൻ ഉപയോഗിച്ചിട്ടുള്ള ഉപമകൾ ഈ സത്യത്തെ സ്ഥിരികരിക്കുന്നു. തന്റെ സഭയെ ഒരു രാജ്യത്തോടും, ഒരു പട്ടണത്തോടും, ഒരു കുടുംബത്തോടും ഒരു വൃക്ഷത്തോടും ഒരു ശരീരത്തോടും സാദൃശ്യപ്പെടുത്തുന്നു. ഈ സാദൃശ്യങ്ങളെല്ലാം വിവിധത്വത്തോടുകൂടിയുള്ള ഐക്യം സഭയ്ക്കു അത്യന്താപേക്ഷിതമാണെന്നു കാണിക്കുന്നു. ഒരു മനുഷ്യശരീരത്തിന്റെ അവയവങ്ങൾ തമ്മിൽ എത്രയോ വലിയ വ്യത്യാസമുണ്ടായിരിക്കുന്നു? എന്നാൽ ഒരു മനുഷ്യശരീരത്തെപ്പോലെ ഐക്യത്തിലും യോജിപ്പിലും ഇരിക്കുന്ന വസ്തു എന്താണുള്ളതു്? ഐക്യം ആവശ്യവും സൎവ്വപ്രധാനവും ആകുന്നുവെങ്കിൽ ഐക്യത്തിന്റെ ബന്ധത്തിന്നു് അടിസ്ഥാനമായി നിൽക്കുന്നതു എന്താണു്? അതു വേദപുസ്തകമാണെന്നു പ്രോട്ടസ്റ്റാണ്ടുകാർ നിലവിളിക്കുന്നു. അതു ജീവനുള്ളതും തെറ്റുവാൻ പാടില്ലാത്തതും ദൈവത്താൽ സദാപി സഹായിക്കപ്പെടുന്നതും ആയ കത്തോലിക്കാസഭയുടെ അധികാരശബ്ദം ആകുന്നുവെന്നു കത്തോലിക്കർ മുറവിളികൂട്ടുന്നു. കത്തോലിക്കാസഭ, സൂൎയ്യന്നു കീഴുള്ള എല്ലാ ജാതികളിലും വൎഗ്ഗങ്ങളിലും പെട്ടവരും, ബഹുവിധങ്ങളായ ജാത്യാചാരങ്ങളോടും സ്വഭാവങ്ങളോടും കൂടിയവരും നാനാവിധങ്ങളായ ഭാഷകൾ സംസാരിക്കുന്നവരുമായി മുപ്പതുകോടിയിലധികം വരുന്നതാ

യ അതിന്റെ അംഗങ്ങളുടെയിടയിൽ പരിപൂർണ്ണമായിട്ടുള്ള ഐകത്തെ എല്ലായ്പോഴും പാലിച്ചുകൊണ്ടിരിക്കുന്നു. പ്രോട്ടസ്റ്റണ്ടുമതത്തിന്ന്, ഓരോ വർഗ്ഗത്തിലും ജാതിയിലും പെട്ടവരും, ഒരേ സ്വഭാവത്തോടും ജാത്യാചാരങ്ങളോടും കൂടിയവരും, ഒരേ രാജ്യവാസികളുമായ അതിന്റെ അംഗങ്ങളുടെയിടയിൽ (ജനങ്ങളുടേയും വൈദികരുടെയും മെത്രാന്മാരുടെയും ഇടയിൽപോലും) ക്രിസ്തുവമതത്തിന്റെ സാരഭൂതങ്ങളായ തത്വങ്ങളെ സംബന്ധിച്ചുകൂടെയും ഐക്യത്തെ പാലിക്കുവാൻ കഴിയുന്നില്ല. പ്രോട്ടസ്റ്റാണ്ടുമതസ്ഥാപകന്മാരായ ലൂത്തർ, മെലാംക്ടൻ മുതലായവർ ആരംഭത്തിൽത്തന്നെ ഇതിന്റെ അംഗങ്ങൾ പരസ്പരം കലഹിച്ച് ഈ മതം ഛിന്നഭിന്നമായിത്തീരുന്നതിനെക്കണ്ട് അത്യന്തം വിലപിച്ചിരുന്നു. പ്രോട്ടസ്റ്റണ്ടുമതക്കാർ വേദപുസ്തകത്തെ സ്വയമായി വ്യാഖ്യാനിക്കുന്നതിന്റെ ഫലമായി ക്രിസ്തുവമത തത്വങ്ങളിൽ ഓരോന്നിനേയും നിഷേധിച്ച് ആദ്യമായി ഹേതുവാദത്തെയും പിന്നീടു നിരീശ്വരത്വത്തെയും സ്വീകരിക്കുന്നതിനല്ലാതെ ഗത്യന്തരമില്ല. വാസ്തവത്തിൽ കത്തോലിക്കാമതത്തിനും നിരീശ്വരത്വത്തിനും മദ്ധ്യേ വേറൊരു മതമില്ലെന്നുതന്നെ നിസ്സംശയമായി സമർത്ഥിക്കാവുന്നതാണ്.

Printed and Published for the Proprietor by P. K. Joseph at
St. Jozehp's Press, Mannanam. 1921